സെക്രട്ടേറിയറ്റ്—ധനകാര്യ വകുപ്പ്

ജോയിന്റ് സെക്രട്ടറി	—	1
സെക്ഷൻ ഓഫീസർ	—	1
അസിസ്റ്റന്റ്	—	3
കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്	—	1
ടൈപ്പിസ്റ്റ്	—	1
പ്യൂൺ	—	1
ആകെ		18

എഫ്.സി.ഐ: ഡിപ്പോകളിലെ സംഭരണശേഷി

* 421. [449] ശ്രീ.എൻ ശക്തൻ നാടാർ :
,, എം.എം.ഹസ്സൻ :
,, മണിമംഗലത്തു കുട്ട്യാലി :
,, കെ.എസ്.നാരായണൻ നമ്പൂതിരി :
,, കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എസ്.സി.ഐ. ഡിപ്പോകളിലെ സംഭരണ ശേഷി എത്ര ടൺ എന്നു പറയാമോ ;

(ബി) ഈ വർഷം എഫ്.സി.ഐ-ൽ എത്ര ടൺ അരി സ്റ്റോക്കുണ്ട് ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ.യു.എ.ബീരാൻ) :

(എ) സംസ്ഥാനത്ത് എഫ്.സി.ഐ.ക്ക് സ്വന്തം ഗോഡൗണുകളും വാടകയ്ക്കെടുത്ത ഗോഡൗണുകളുമടക്കം ആകെ 5,13,028 മെട്രിക് ടൺ സംഭരണ ശേഷിയുണ്ട്.

(ബി) 31-10-1986-ൽ സംസ്ഥാനത്തെ എഫ്.സി.ഐ.ഗോഡൗണുകളിൽ 2,17,164 മെട്രിക്ക് ടൺ അരി സ്റ്റോക്കുണ്ടായിരുന്നു.

1985-86-ൽ അനുവദിച്ച കാർഷിക വായ്പ

* 422. [450] ശ്രീ.ബന്നിബഹനാൻ :
,, കെ.സി. ജോസഫ് :
,, പി.പി.തങ്കച്ചൻ :
,, കെ.കെ.ശ്രീനിവാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷിക വായ്പാ വിതരണത്തിനായി 1985-86 സാമ്പത്തിക വർഷത്തിൽ അനുവദിച്ച തുക ലാപ്സാകുകയുണ്ടായോ ;

(ബി) ഉണ്ടെങ്കിൽ കാരണമെന്ത് ;

(സി) ഹ്രസ്വകാല, മദ്ധ്യകാല, ദീർഘകാല വായ്പ ഇനങ്ങളിൽ ഓരോന്നിനും അനുവദിച്ച തുക എത്ര ; വിതരണം ചെയ്ത തുക എത്ര ?

കൃഷി വകുപ്പുമന്ത്രി (ശ്രീ.എൻ.സുന്ദരൻ നാടാർ) :

(എ) അനുവദിച്ച 4 കോടി 10 ലക്ഷത്തിൽ 3 കോടി രൂപ ലാപ്സായി.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കൃഷിക്കാർക്കു് ആവശ്യമായ സമയത്തു തുക ലഭ്യമാകാതിരുന്നതിനാൽ രണ്ടു കോടി അറുപത്തി ഒൻപതു ലക്ഷം രൂപ ചെലവാക്കാൻ സാധിക്കാതെ വരികയും ഈ തുക സറണ്ടർ ചെയ്യുകയും ചെയ്തു.

(സി) കൃഷി വകുപ്പിൽനിന്നും നേരിട്ടു മദ്ധ്യകാല വായ്പയും ദീർഘകാല വായ്പയും നൽകുന്നില്ല. ഹ്രസ്വകാല വായ്പ നൽകുന്നതിനാണ് കേന്ദ്ര സർക്കാർ നാലു കോടി പത്തു ലക്ഷം രൂപ അനുവദിക്കുകയുണ്ടായി എന്നാൽ സംസ്ഥാന സർക്കാർ ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുണ്ടായിരുന്ന നാലു കോടി രൂപ വിതരണം ചെയ്യാൻ അനുവദിക്കുകയുണ്ടായെങ്കിലും തുക കിട്ടിയപ്പോഴേക്കും സീസൺ കഴിഞ്ഞിരുന്നതിനാൽ മുഴുവൻ തുകയും കൃഷിക്കാർക്കു് ശരിയായി പ്രയോജനപ്പെടുത്താൻ സാധിച്ചില്ല. ഒരു കോടി മുപ്പത്തി ഒന്നു ലക്ഷം രൂപയേ വിതരണം ചെയ്യാൻ സാധിച്ചുള്ളു.

നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ്

* 423. [451] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലസ്ഥാന നഗരിയിലെ ഭക്ഷ്യ സാധനങ്ങളുടെയും നിത്യോപയോഗ സാധനങ്ങളുടെയും അമിതമായ വില വർദ്ധനവ് തടയുന്നതിനു് ഗവൺമെൻറ് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ;

(ബി) പാക്കറ്റുകളിൽ രേഖപ്പെടുത്തിയിട്ടുള്ള വില മാത്രം ഉപഭോക്താക്കൾ നൽകിയാൽ മതിയെന്നുള്ള സർക്കാർ കൽപ്പന കാരണം മിക്ക കച്ചവടക്കാരും നിത്യോപയോഗ സാധനങ്ങൾ വിൽക്കാതെ പൂഴ്ത്തി വച്ചിരിക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഈ സ്ഥിതി മാറ്റുന്നതിനും ഉപഭോക്താക്കളുടെ ആവശ്യം മുൻനിർത്തി വേണ്ട നടപടി അടിയന്തിരമായി ചെയ്യാൻ ഗവൺമെൻറ് ശ്രദ്ധിക്കുമോ ;

(ഡി) കച്ചവടക്കാർ നിർബന്ധമായും സ്റ്റോക്ക് വിവരവും വില വിവര പട്ടികയും പ്രദർശിപ്പിക്കണമെന്ന് നിർദ്ദേശം നൽകുമോ ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. യു. എ. ബീരാൻ) :

(എ) തലസ്ഥാന നഗരിയിൽ പ്രത്യേകമായി അങ്ങനെ അമിതമായ ഒരു വില വർദ്ധന ഉണ്ടായതായി അറിവില്ല. എല്ലാത്തരം നിത്യോപയോഗ സാധനങ്ങളും സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വിവിധ ചില്ലറ വിൽപ്പന കേന്ദ്രങ്ങളും, സഞ്ചരിക്കുന്ന മാവേലി സ്റ്റോർ, സൂപ്പർ മാർക്കറ്റ് എന്നിവ മുഖേന ഉപഭോക്താക്കൾക്ക് എപ്പോഴും ലഭ്യമാക്കുന്നുണ്ട്. കൂടാതെ കൺസ്യൂമർ കോപ്പറേറ്റീവ് സ്റ്റോറുകളും നിത്യോപയോഗ സാധനങ്ങൾ നിയന്ത്രിത വിലയ്ക്ക് പൊതുജനങ്ങൾക്ക് നൽകുന്നുണ്ട്. ഹോട്ടലുകളുടെയും വ്യാപാരികളുടെയും യോഗങ്ങൾ വിളിച്ചുകൂട്ടി, ഭക്ഷണ സാധനങ്ങൾ, നിത്യോപയോഗ സാധനങ്ങൾ ഇവക്ക് ന്യായമായ വില ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഇല്ല, പാക്കറ്റുകളിൽ രേഖപ്പെടുത്തിയിട്ടുള്ള വിലക്ക് സാധനങ്ങൾ വിൽക്കണം എന്ന നിയമം ഉപഭോക്തൃ താൽപ്പര്യ സംരക്ഷണാർത്ഥം കേന്ദ്ര സർക്കാർ നടപ്പിലാക്കിയിട്ടുള്ളതാണ്. ആ നിയമം ഇവിടെ നടപ്പിലാക്കി എന്നതുകൊണ്ടുമാത്രം. കച്ചവടക്കാർ നിത്യോപയോഗ സാധനങ്ങൾ പൂഴ്ത്തിവച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly